**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളിലെ വെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാരകമായ അമീബിക് മസ്തിഷ്കജ്വരം ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ ചെറുതും വലുതുമായ എല്ലാ ജലാശയങ്ങളിലെയും ജലപ്രവാഹങ്ങളിലെയും വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ട സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ സ്രോതസ്സുകളായ നദികളിൽ നിന്നും മാസംതോറും ജലം ശേഖരിച്ച് പരിശോധന നടത്തി വരുന്നുണ്ട്. സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരണം ചെയ്ത് വിതരണം ചെയ്യുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ മറ്റ് സ്രോതസ്സുകളായ കിണറുകളിലേയും മറ്റും ജലവും പരിശോധിച്ച് വരുന്നുണ്ട്.<br><br>കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് നെട്ടൂർ ഓഫീസിനു കീഴിൽ എൻ.എ.ബി.എൽ നിലവാരത്തിലുള്ള 1 സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 സബ് ജില്ലാ ലാബുകളും കേരളത്തിലുടനീളം പ്രവർത്തിച്ചു വരുന്നു.<br><br>ജല ശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽ |

തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പദ്ധതികളിൽ ജലം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്.

പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാംപിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോ എന്നു ഉറപ്പാക്കി, പരിശോധന ഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയുന്നു.

സംസ്ഥാനത്തെ നദികളും, മറ്റു ജലാശയങ്ങളും വിവിധ തരത്തിലുള്ള മാലിന്യ പ്രശ്നങ്ങൾ നേരിടുന്നു എന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യ മുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും വിവിധ ഇടപെടലുകളാണ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ -ജലസേചനവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയാണ്. പുഴകളിലെ ഗുണനിലവാരം സംബന്ധിച്ച് തുടർച്ചയായ മോണിറ്ററിങ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തി വരുന്നു. കൂടാതെ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സ്ഥാപനമായ "സെന്റർ ഫോർ വാട്ടർ റിസോഴ്സ്സ് ഡെവലപ്മെന്റ് & മാനേജ്മെന്റ്- കോഴിക്കോട്" എന്ന സ്ഥാപനവും പുഴകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. കേരള ജല അതോറിറ്റി കൂടാതെ ഭൂജല വകുപ്പ്, പബ്ലിക് ഹെൽത്ത് ലാബ്, എന്നിവയിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ജലഗുണ നിലവാരം നിലവിൽ പരിശോധന നടത്തി വരുന്നു.

ഭൂജലവകുപ്പ് ഒബ്സർവേഷൻ കിണറുകളിലെ ജലപരിശോധന സ്വന്തം നിലയിൽ ശേഖരിച്ച് നടത്തിവരുന്നു.

KRWSA (ജലനിധി) മുഖേന നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ജല സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം കാലാകാലങ്ങളിൽ ഗുണഭോക്തൃ സമിതികൾ മുഖേന

| | | | |
|---|---|---|---|
| | | | അംഗീകൃത ലാബുകളിൽ കൊടുത്ത് പരിശോധിച്ച് ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, പദ്ധതി നിർവ്വഹണ കാലഘട്ടത്തിൽ തന്നെ ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടുണ്ട്. നിലവിലുള്ള പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ജല ഗുണനിലവാര പരിശോധനാ സംവിധാനം ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വീണ്ടും നൽകുന്നതാണ്.<br><br>IDRB യുടെ കീഴിൽ NHP (National Hydrology Project) ഫണ്ട് ഉപയോഗിച്ച് ഒരു വാട്ടർ ക്വാളിറ്റി ലെവൽ-2 ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. അവിടെ കേരളത്തിലെ വിവിധ പുഴകളിൽ സ്ഥാപിച്ചിട്ടുള്ള 87 റിവർ ഗേജ് സ്റ്റേഷനുകളിൽ നിന്നും വെള്ളത്തിന്റെ സാമ്പിളുകൾ ദ്വൈമാസ അടിസ്ഥാനത്തിൽ ശേഖരിച്ച് Physical-Chemical, Bacteriological (Total Coliform, e-coli) എന്നിങ്ങനെയുള്ള parameters പരിശോധിച്ച് വരുന്നു. കൂടാതെ കാരാപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി ഡാമുകളിലെയും infiltration gallery- യിലേയും വെള്ളത്തിന്റെ പരിശോധന നടത്തിവരുന്നുണ്ട്. |
| (ബി) | വിവിധ സർക്കാർ വകുപ്പുകൾ ശേഖരിച്ച് നൽകുന്ന ജല സാമ്പിളുകൾ പരിശോധിക്കുന്നതിനുപരിയായി സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളിലെയും ജല സാമ്പിളുകൾ സ്വന്തം നിലയിൽ ശേഖരിച്ച് പരിശോധന നടത്തുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ സ്രോതസ്സുകളായ നദികളിൽ നിന്നും മാസംതോറും ജലം ശേഖരിച്ച് പരിശോധന നടത്തി വരുന്നുണ്ട്. സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരണം ചെയ്തു വിതരണം ചെയ്യുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ മറ്റു സ്രോതസ്സുകളായ കിണറുകളിലേയും മറ്റും ജലവും പരിശോധിച്ച് വരുന്നുണ്ട്.<br><br>കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് നെട്ടൂർ ഓഫീസിനു കീഴിൽ എൻ.എ.ബി.എൽ |

നിലവാരത്തിലുള്ള 1 സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 സബ് ജില്ലാ ലാബുകളും കേരളത്തിലുടനീളം പ്രവർത്തിച്ചു വരുന്നു.

ജല ശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽ തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പദ്ധതികളിൽ ജലം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്.

പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാംപിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോ എന്നു ഉറപ്പാക്കി, പരിശോധന ഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയുന്നു.

സംസ്ഥാനത്തെ നദികളും, മറ്റു ജലാശയങ്ങളും വിവിധ തരത്തിലുള്ള മാലിന്യ പ്രശ്നങ്ങൾ നേരിടുന്നു എന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യ മുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും വിവിധ ഇടപെടലുകളാണ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ -ജലസേചനവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയാണ്. പുഴകളിലെ ഗുണനിലവാരം സംബന്ധിച്ച് തുടർച്ചയായ മോണിറ്ററിങ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തി വരുന്നു. കൂടാതെ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സ്ഥാപനമായ "സെന്റർ ഫോർ വാട്ടർ റിസോഴ്സ്സ് ഡെവലപ്മെന്റ് & മാനേജ്മെന്റ്- കോഴിക്കോട്" എന്ന സ്ഥാപനവും പുഴകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. കേരള ജല അതോറിറ്റി കൂടാതെ ഭൂജല വകുപ്പ്, പബ്ലിക് ഹെൽത്ത് ലാബ്, എന്നിവയിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ജലഗുണ നിലവാരം നിലവിൽ പരിശോധന നടത്തി വരുന്നു.

| | | | |
|---|---|---|---|
| | | | ഭൂജലവകുപ്പ് ഒബ്സർവേഷൻ കിണറുകളിലെ ജലപരിശോധന സ്വന്തം നിലയിൽ ശേഖരിച്ച് നടത്തിവരുന്നു.<br><br>KRWSA (ജലനിധി) മുഖേന നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ജല സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം കാലാകാലങ്ങളിൽ ഗുണഭോക്തൃ സമിതികൾ മുഖേന അംഗീകൃത ലാബുകളിൽ കൊടുത്ത് പരിശോധിച്ച് ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, പദ്ധതി നിർവ്വഹണ കാലഘട്ടത്തിൽ തന്നെ ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടുണ്ട്. നിലവിലുള്ള പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ജല ഗുണനിലവാര പരിശോധനാ സംവിധാനം ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വീണ്ടും നൽകുന്നതാണ്.<br><br>IDRB യുടെ കീഴിൽ NHP (National Hydrology Project) ഫണ്ട് ഉപയോഗിച്ച് ഒരു വാട്ടർ ക്വാളിറ്റി ലെവൽ-2 ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. അവിടെ കേരളത്തിലെ വിവിധ പുഴകളിൽ സ്ഥാപിച്ചിട്ടുള്ള 87 റിവർ ഗേജ് സ്റ്റേഷനുകളിൽ നിന്നും വെള്ളത്തിന്റെ സാമ്പിളുകൾ ദ്വൈമാസ അടിസ്ഥാനത്തിൽ ശേഖരിച്ച് Physical-Chemical, Bacteriological (Total Coliform, e-coli) എന്നിങ്ങനെയുള്ള parameters പരിശോധിച്ച് വരുന്നു. കൂടാതെ കാരാപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി ഡാമുകളിലെയും infiltration gallery- യിലേയും വെള്ളത്തിന്റെ പരിശോധന നടത്തിവരുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ ഗുണനിലവാര പരിശോധന പൂർത്തീകരിച്ച ജലസ്രോതസ്സുകളെ ജലഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിങ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോത് അനുസരിച്ച പ്രയോറിറ്റി I മുതൽ V വരെയായി തരം തിരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി ഇവ മാലിന്യ മുക്തമാക്കാൻ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | ഭൂജലവകുപ്പ് IS 10500:2012 പ്രകാരം ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പരിധി അടിസ്ഥാനമാക്കി കുടിവെള്ള യോഗ്യം ആയത്, അല്ലാത്തത് എന്ന് തരം തിരിച്ചിട്ടുണ്ട്.<br><br>നിലവിൽ ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നത് കൂടാതെ നിശ്ചിത ഫീസ് ഈടാക്കി മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന ജലത്തിന്റെ ഗുണനിലവാരവും പരിശോധിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വാട്ടർ തീം പാർക്കുകളിൽ ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം പ്രതിദിനം ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോത് അനുസരിച്ച് പ്രയോറിറ്റി I മുതൽ V വരെയായി തരം തിരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി ഇവ മാലിന്യ മുക്തമാക്കാൻ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിഗണനയിലാണ്.<br><br>ഭൂജലവകുപ്പ് IS 10500:2012 പ്രകാരം ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പരിധി അടിസ്ഥാനമാക്കി കുടിവെള്ള യോഗ്യം ആയത്, അല്ലാത്തത് എന്ന് തരം തിരിച്ചിട്ടുണ്ട്.<br><br>നിലവിൽ ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നത് കൂടാതെ നിശ്ചിത ഫീസ് ഈടാക്കി മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന ജലത്തിന്റെ ഗുണനിലവാരവും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ